# സ്വവംശ വിവാഹനിഷ്ഠയിൽ മായം ചേർക്കാൻ അനുവദിക്കില്ല: മാർ മൂലക്കാട്ട്

അരീക്കര: ക്നാനായ സമുദായം നൂറ്റാണ്ടുകളായി പാലിച്ചുപോരുന്ന സ്വവംശ വിവാഹ നിഷ്ഠയിൽമായം ചേർക്കാൻ ആരെയും അനുവദിക്കില്ലെന്നും നമ്മുടെ പൂർവികർ ത്യാഗം സഹിച്ചു പരിപാലിച്ചു പോന്ന ക്നാനായ തനിമയും പാരമ്പര്യങ്ങളും ഒരുമയും എല്ലാം ഇന്നത്തെപ്പോലെ അഭംഗുരം തുടരുകതന്നെ ചെയ്യുമെന്നും കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പ്രസ്താവിച്ചു.

ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ 69-ാം വാർഷിക ആഘോഷങ്ങളുടെ സമാപനംകുറിച്ചു കൊണ്ട് അരീക്കരയിൽ ചേർന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്നു ക്നാനായ കത്തോലിക്കസമുദായം വിവിധ രംഗങ്ങളിൽ അസൂയാവഹമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ഇതു ഇന്നു പലരുടെയും ഉറക്കം കെടുത്തുകയാണ്. നമ്മുടെ വളർച്ചയിൽ അസൂയ പൂണ്ടവർ നടത്തുന്ന വ്യാജ പ്രചാരണങ്ങൾ വിലപ്പോവില്ലെന്നും മാർ മൂലക്കാട്ട് പറഞ്ഞു.

യോഗത്തിൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് പ്രൊഫ. ജോസഫ് ജോർജ് കാനാട്ട് അദ്ധ്യക്ഷത വഹിച്ചു. പ്രേഷിത പ്രവർത്തനം എന്ന മഹത്തായ ആശയത്തോടെ ഭാരതമണ്ണിൽ എത്തിയ ക്നാനായ കത്തോലിക്കാ-യാക്കോബായ സമുദായങ്ങൾ കാലഘട്ടത്തിന്റെ സന്ദേശം ഉൾക്കൊണ്ടു കൊണ്ട് സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ യോജിച്ചുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കണമെന്ന്, ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തിയ ക്നാനായ ഭദ്രാസനാധിപൻ ആർച്ച് ബിഷപ് കുര്യാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.

കെ.എം. മാണി എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തി. പി.സി. തോമസ് എം.പി., തോമസ് ചാഴികാടൻ എം.എൽ.എ., അതിരൂപതാ വികാരി ജനറാൾ മോൺ. ജേക്കബ് വെള്ളിയാൻ, പി.എസ്.സി. അംഗം പ്രൊഫ. ജോയി മുപ്രാപ്പള്ളി, ഫാ. ജേക്കബ് വാലേൽ, ഫാ. സിറിയക് മാന്തുരുത്തിൽ, കുഞ്ഞമ്മ ജോൺ വള്ളിത്തോട്ടം, സ്റ്റീഫൻ ചെട്ടിക്കത്തോട്ടത്തിൽ, അഡ്വ. ജോസ് ഫിലിപ്പ്, ജയിംസ് തെക്കനാട്ട്, തോമസ് വെട്ടിമറ്റം എന്നിവർ പ്രസംഗിച്ചു.

വാർഷികത്തോടനുബന്ധിച്ച് നടത്തിയ ക്നാനായ പുരാതന പാട്ടുമത്സരത്തിലെ വിജയികളായ മോനിപ്പള്ളി, പയസ് മൗണ്ട്, ഉഴവൂർ എന്നീ ടീമുകൾക്ക് മാർ മാത്യു മൂലക്കാട്ട് കാഷ് അവാർഡുകൾ സമ്മാനിച്ചു. രാവിലെ നടന്ന പ്രതിനിധി സമ്മേളനത്തിൽ വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും ബജറ്റും അംഗീകരിച്ചു. വൈസ് പ്രസിഡന്റ് ജോയി നീറ്റുകാട്ട്, ട്രഷറർ തൊമ്മിക്കുഞ്ഞ് വെട്ടിക്കാട്ട്, ജോയിന്റ് സെക്രട്ടറി അബ്രാഹം കടുതോടി എന്നിവർ പ്രസംഗിച്ചു. പ്രസിഡന്റ് പ്രൊഫ. ജോസഫ് ജോർജ് കാനാട്ട് അധ്യക്ഷത വഹിച്ചു.